

# സന്ദേശം

ബഹുമാന്യരെ,

കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിൽ പതിനാലാം പഞ്ചവത്സര അവസാന വർഷമായ 2026 പദ്ധതിയിലെ 2027 വർഷത്തേക്ക് വികസന പദ്ധതികള് ഉൾപ്പെടുത്തിക്കൊുള്ള പുതിയ ഭരണസമിതിയുടെ പ്രഥമ ബജറ്റ് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് അവതരിപ്പിക്കുകയാണ്.

ഗ്രാമ പഞ്ചായത്തിന് ലഭ്യമാകുന്ന കേന്ദ്ര - സംസ്ഥാന വിഹിതങ്ങൾ, ജില്ലാ - ബ്ലോക്ക് - പഞ്ചായത്ത് വിഹിതങ്ങൾ, പഞ്ചായത്തിന്റെ തനത് ഫണ്ട്, ഗ്രാന്റുകൾ ഉൾപ്പെടെയുള്ള വിഭവങ്ങൾ സമാഹരിച്ച്, ഏകോപനം നടത്തിക്കൊണ്ടാണ്

ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സമഗ്ര വികസനം ലക്ഷ്യമാക്കി ജനങ്ങളുടെ ഭൗതികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അഭിലാഷങ്ങളുടെ സാക്ഷാൽക്കാരത്തിന് ഉതകുന്ന വികസനാശയങ്ങളാണ് ഈ

ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ളത്.

ബജറ്റ് നിർദ്ദേശങ്ങളിലെ വികസന പദ്ധതികള് ഗുണപ്രദവുമായി നടപ്പിൽ വരുത്തുന്നതിന് സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

വി. പി. യൂസഫ്
പ്രസിഡണ്ട്
കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത്



ബഹുമാന്യരെ,

കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിലെ പുതിയ ഭരണസമിതിയുടെ2026- 27 വർഷത്തേക്കുള്ള പ്രഥമ ബജറ്റ് ഇവിടെ അവതരിപ്പിക്കുകയാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ അവസാന വർഷമായ 2026-27 വർഷത്തേക്ക് ബജറ്റ് വിഹിതമായി പഞ്ചായത്തിന് ലഭ്യമാകുന്ന സംസ്ഥാന വിഹിതവും കേന്ദ്രാവിഷ്കൃത വിഹിതവും ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള സംയോജിത വിഹിതങ്ങളും പഞ്ചായത്തിന്റെ തനത് ഫണ്ടും സമന്വയിപ്പിച്ച് കൊണ്ടും വികേന്ദ്രീകൃതാസൂത്രണ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ടും തയ്യാറാക്കിയ ബജറ്റ് നിർദ്ദേശങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചർച്ച ചെയ്ത് തയ്യാറാക്കിയ ബജറ്റ് നിർദ്ദേശങ്ങൾ പരിഗണിച്ചാണ് 2026- 27 ലെ വാർഷിക പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 28.02.2026 തീയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 01/2026 നമ്പർ തീരുമാന പ്രകാരം ഐക്യകണ്ഠേന അംഗീകരിച്ച കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തന്റെ 2026- 27 വർഷത്തേക്കുള്ള ഈ ബജറ്റ് എസ്റ്റിമേറ്റ് ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

പഞ്ചായത്തിലെ റോഡുകളുടെ അടിസ്ഥാന വികസനത്തിന് മുന്തിയ പരിഗണന നൽകി 'സുഗമപാത' സജ്ജീകരിക്കൽ പദ്ധതിക്ക് ഈ ബജറ്റിൽ മുന്തിയ പരിഗണന നൽകുന്നു. വിവിധ വാർഡുകളിലെ പ്രധാനപ്പെട്ട റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് മാത്രം 2.5 കോടി രൂപ വകയിരിത്തുന്നു. കൂടാതെ അടിസ്ഥാന മേഖലയിൽ ത്രിതല പഞ്ചായത്ത് ഫണ്ടുകളും ബഹു. എം.പി, എം.എൽ.എ ഫണ്ടുകളും സർക്കാറിന്റെ ഇതര ഏജൻസികളുടെ ധനസഹായവും കൂടി വിനിയോഗിച്ചുകൊണ്ടാണ് ഈ മേഖലയിൽ സമ്പൂർണ്ണ വികസനത്തിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ടുള്ള ഗ്രാമീണ റോഡുകളുടെ നിർമ്മാണവും നവീകരണവും ഉൾപ്പെടുത്തുന്നു. കമ്പളക്കാട്, കണിയാമ്പറ്റ, കരണി എന്നീ അങ്ങാടികളിൽ നടപ്പാതകളുടെ നിർമ്മാണവും കൈവരികൾ സ്ഥാപിക്കലും പ്രവർത്തി പൂർത്തിയാക്കുന്നതിനും തുക വകയിരുത്തുന്നു. വ്യാപാരി വ്യവസായികളുമായി സഹകരിച്ച് ഇതിനോട് ചേർന്ന് ടൗണുകളുടെ സൗന്ദര്യ വത്കരണവും നടപ്പാക്കുന്നുണ്ട്. വരദൂർ പാലത്തിന് സമീപമുള്ള റോഡിന്റെ ഇരുവശവും പൂന്തോട്ടവും ഇരിപ്പിട സൗകര്യവും സ്ഥാപിച്ച് സൗന്ദര്യ വൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഗ്രാമീണ റോഡുകളുടെ നാമകരണത്തിനും സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും തുക ഈ ബജറ്റിൽ നീക്കി വെക്കുന്നു. പഞ്ചായത്തിലെ റോഡുകൾ റീ ടാറിംഗ് നടത്തുന്നതിനുവേണ്ടിയും റോഡുകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 190 കോടി രൂപ വകയിരുത്തുന്നു. ഗ്രാമീണ റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിനും ഇന്റർലോക്ക് പതിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് 3 കോടി രൂപ ബജറ്റിൽ നീക്കി വെക്കുന്നു. പഞ്ചായത്തിലെ കല്ലംചിറ - പാടിക്കര റോഡിൽ ഒരു കൾവർട്ട് നിർമ്മിച്ച് മെച്ചപ്പെട്ട ഗതാഗത സൗകര്യത്തിന് പദ്ധതിയിടുന്നു.

ഇന്ത്യയിലെ ആദ്യ ഗാർഡൻ സിറ്റി ബാംഗ്ലൂർ ആണ്. എന്നാൽ ആദ്യത്തെ ഗാർഡൻ വില്ലേജ്

കണിയാമ്പറ്റ പഞ്ചായത്തിൽ രൂപപ്പെടുത്തുന്ന എവർഷൈൻ കണിയാമ്പറ്റ ഈ ബജറ്റിന്റെ പ്രധാന സവിശേഷതയാണ്. പഞ്ചായത്തിലെ മുഴുവൻ പ്രധാന റോഡുകളും ബേം കട്ടിംഗ് നടത്തി ഇരു വശങ്ങളിലും ഡ്രൈനേജുകൾ സ്ഥാപിച്ച് റോഡരികിൽ മരങ്ങളും ചെടികളും നട്ടുപിടിപ്പിച്ചും റോഡ് വശങ്ങളിൽ ഇരിപ്പിടങ്ങളും വേസ്റ്റ് ബിന്നുകളും സ്ഥാപിച്ചും യാത്രാ സഹായ ബോർഡുകളും കൈവരികളും നിർമ്മിച്ചും സൗന്ദര്യവത്കരണം നടത്തുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമാക്കുന്നത്.

പഞ്ചായത്തിലെ പ്രധാന ടൗണുകൾ, സ്കൂളുകൾ, ഘടക സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ സി. സി. ടി. വികൾ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു.

പഞ്ചായത്തിലെ മുഴുവൻ ആസ്തികളുടെയും അനുബന്ധ വിവരങ്ങളുടെയും ഡോക്യുമെന്റേഷൻ ചെയ്യുന്നതിനും പഞ്ചായത്ത് പ്രദേശത്ത് ജി. ഐ. എസ് മാപ്പിംഗ് നടത്തുന്നതിനുമായി 'ദൃഷ്ടി' പദ്ധതി നടപ്പാക്കുന്നതിന് തുക വകയിരുത്തുന്നു.

പഞ്ചായത്തിലെ നെൽ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി നെൽകൃഷി കൂലിച്ചെലവ് സബ്സിഡി നൽകുന്ന പദ്ധതി ത്രിതല പഞ്ചായത്തുകൾ സംയോജിതമായി നടപ്പാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.പഞ്ചായത്ത് തല കർഷകർക്ക് പ്രതികൂല കാലാവസ്ഥ

സമയങ്ങളിൽ നെല്ലുൾപ്പെടെയുള്ള കാർഷിക ഉൽപ്പന്നങ്ങൾ? സ്റ്റോക്ക് ചെയ്ത് സൗകര്യപ്രദമായ വിപണനം നടത്തുന്നതിന് ഉതകുന്ന ഗോഡൌൺ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നു. വനയനാടൻ നെല്ലിന്റെ പ്രത്യേകതയിൽ ഗുണ മേന്മയുള്ള മട്ട അരി വയനാടൻ ബ്രാന്റ് നൽകി മാർക്കറ്റിംഗ് നടത്തുന്നതിനുള്ള പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിന് ബജറ്റിൽ ലക്ഷ്യമാക്കുന്നു. സബ്സിഡി നിരക്കിൽ ഉൽപ്പാദന ക്ഷമതയുള്ള നെൽവിത്ത് വിതരണം ചെയ്യുന്നതിന് തുക ബജറ്റിൽ നീക്കി വെക്കുന്നു. ജലസേചന സൗകര്യങ്ങൾ ഗ്രാമ പഞ്ചായത്തിൽ വളരെ കുറവായത് കാരണം പുഞ്ചകൃഷിക്കും മറ്റു തോട്ട വിളകൾക്കും വർദ്ധനവ് ഉണ്ടാക്കാൻ കഴിയുന്നില്ല. ഇതിന് പരിഹാരമെന്ന നിലയിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ചെറുകിട ജലസേചന വകുപ്പുമായി ചേർന്ന് കൂടുതൽ ചെക്ക് ഡാമുകളും ലിഫ്റ്റ് ഇറിഗേഷൻ സൗകര്യവും ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നു. കനാലുകൾ വഴിയും പൈപ്പുകൾ ഉപയോഗിച്ച് കൃഷി സ്ഥലങ്ങളിൽ വെള്ളമെത്തിച്ച് കൃഷി ഭൂമിയുടെ വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് മുൻഗണന നൽകുന്നു. പുഴയോരങ്ങളിൽ വൈദ്യുതി ലഭ്യമാക്കി പമ്പ് ഹൌസുകൾ നിർമ്മിച്ച് കൂടുതൽ കൃഷിയിടങ്ങളിലേക്ക് വെള്ളമെത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

മൃഗ പരിപാലനത്തിന് പ്രോത്സാഹനവും ധനസഹായവുമായി പാലിന് സബ്സിഡി നൽകുന്നതിന് വേണ്ടി ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടെ 30 ലക്ഷം രൂപ നീക്കി വെക്കുന്നു. മൃഗാശുപത്രികളിലെ ഭൗതീക സൗകര്യങ്ങൾ വർദ്ധിപ്പിച്ചും കൂടുതൽ മരുന്നുകൾ ലഭ്യമാക്കിയും ക്ഷീര കർഷകർക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകി വരുന്നതിനും ബജറ്റ് ലക്ഷ്യമിടുന്നു. ക്ഷീര കർഷകർക്ക് ത്രിതല പഞ്ചായത്തുകൾ സംയുക്തമായി പാൽസബ്സിഡിക്ക് 30 ലക്ഷം രൂപയും ചികിത്സാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, മരുന്ന് വാങ്ങൽ എന്നിവ ഉൾപ്പടെ ക്ഷീര മേഖലയ്ക്ക് മതിയായ തുക വകയിരുത്തുന്നു.

പഞ്ചായത്ത് പ്രദേശത്ത് മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി സുഭിക്ഷ കേരളം പദ്ധതി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതി ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കിടപ്പ്രോഗികൾക്ക്സാന്ത്വനമേകുന്നതിനുള്ള 'തലോടൽ പദ്ധതി' ഈ ബജറ്റിന്റെ സവിശേഷതയാണ്. സമൂഹത്തിന്റെ മുഖ്യ ശ്രദ്ധ ആവശ്യമുള്ളവരാണ് കിടപ്പുരോഗികൾ. ഏകാന്തത അനുഭവിക്കുന്ന ഇവരെ ചേർത്തു നിർത്തേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. ഇതിനായി പാലിയേറ്റീവ് പ്രവർത്തനത്തിനും ആവശ്യമായ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് പ്രസിഡണ്ടും ജനപ്രതിനിധികളും പാലിയേറ്റീവ് പ്രവർത്തകർക്കൊപ്പം ഇവരെ സന്ദർശിക്കുകയും അവർക്ക് ആവശ്യമായ മെച്ചപ്പെട്ട സേവന പരിചരണങ്ങൾക്കുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുംപാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ഏറ്റവും കൂടുതൽ പരിഗണന നൽകി നടപ്പാക്കുന്നതിനും കിടപ്പ് രോഗികൾക്ക് പോഷകാഹാര കിറ്റ്

വീടുകളിൽ എത്തിച്ചു നൽകുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ ആരോഗ്യ മേഖലയിൽ അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി ആശുപത്രികളിൽ മരുന്ന് വാങ്ങുന്നതിനായി ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. .

ജില്ലയിലെ ഇതര ഗ്രാമ പഞ്ചായത്തുകളെ അപേക്ഷിച്ച് ഇവിടെ ജനസാന്ദ്രത കൂടുതലായതിനാൽ പാർപ്പിട മേഖലയിലെ പ്രശ്നങ്ങൾ മറ്റ് പഞ്ചായത്തുകളേക്കാൾ നമുക്ക് കൂടുതൽ വെല്ലുവിളിയാണ്. ദുർബല വിഭാഗത്തിൽ പെട്ട സാധാരണക്കാരുടെജീവിത സ്വപ്നങ്ങളിൽ ഏറ്റവും മുൻപന്തിയിലുള്ളത് വാസയോഗ്യമായ സ്വന്തമായൊരു ഭവനം എന്നത് തന്നെയാണ്. പഞ്ചായത്തിൽ നടപ്പാക്കി വരുന്ന ലൈഫ് മിഷൻ, പി. എം. എ. വൈ എന്നീ ഭവന പദ്ധതികൾക്ക് പുറമേ സമ്പൂർണ്ണ ഭവന പദ്ധതി സാക്ഷാത്കരിക്കുന്നതിന് പഞ്ചായത്തിന്റെ തനത് ഭവന പദ്ധതി നടപ്പാക്കുന്നതിന്നും ബജറ്റിൽ ലക്ഷ്യമിടുന്നു.

ശുദ്ധമായ കുടിവെള്ളം ഗ്രാമ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് കമ്പളക്കാട് കുടിവെള്ള പദ്ധതിയിലൂടെ വിതരണം ചെയ്ത് വരുന്നുണ്ട്. കൂടാതെ പഞ്ചായത്ത് പരിധിയിൽ പലയിടത്തും ജലനിധി പദ്ധതിയിലൂടെയും ജലവിതരണം നടക്കുന്നുണ്ട്. ഈ പദ്ധതികളിലൂടെയുള്ള ശുദ്ധജലവിതരണം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഇവയിലൊന്നും ഉൾപ്പെടാത്ത പ്രദേശങ്ങളിൽ പൊതു കിണറുകൾ നൽകിയും ശുദ്ധജലക്ഷാമം പരിഹരിച്ചുകൊണ്ട് ഗ്രാമ പഞ്ചായത്തിൽ നിലനിന്നിരുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിൽ നമ്മൾ വിജയിച്ചിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ പുതിയ പദ്ധതിയായ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതി പഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി നടപ്പിലാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ബാഹുല്യം കാരണം കുടിവെള്ള ലഭ്യത കുറവുള്ള മേഖലകളായ ചീക്കല്ലൂർ, കരണി, നെല്ലിയമ്പം, നടവയൽ, എടക്കൊമ്പം, വരദൂർ എന്നീ പ്രദേശങ്ങളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി കരണിയിൽ വാട്ടർ അതോറിറ്റിക്ക് ടാങ്ക് നിർമ്മിക്കുന്നതിന് 15 സെന്റ് സ്ഥലം വാങ്ങി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജലജീവൻ പദ്ധതിയിലൂടെ അയ്യായിരത്തിലധികം പേർക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കും ബജറ്റിൽ തുക വകയിരുത്തി.

ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമായ നിലയിൽ എത്തിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾ ക്ലാസ് മുറികൾ സ്മാർട്ട് ആക്കുന്നതിനുള്ള പദ്ധതികളും ഫർണ്ണിട്ടർ നൽകൽ, ഹരിത സ്കോളർഷിപ്പ് നടപ്പാക്കൽ, സ്കൂളുകളിൽ ഗ്രീൻ ബോർഡുകൾ സ്ഥാപിക്കൽ എന്നീ പദ്ധതികളും ബജറ്റിൽ ഇടം പിടിച്ചിട്ടുണ്ട്.

ആദിവാസി മേഖലയിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് വിദ്യാർത്ഥികൾ സ്കൂളിൽ എത്തുന്നത് ഉറപ്പാക്കുന്നതിന് വേണ്ടി വാർഡ് മെമ്പർ, അദ്ധ്യാപകർ, രക്ഷാകർത്താക്കൾ, പട്ടികവർഗ്ഗ പ്രൊമോട്ടർ, ആരോഗ്യ വകുപ്പ് എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് സമിതി രൂപീകരിക്കുകയും എല്ലാ മാസങ്ങളിലും കോളനികൾ സന്ദർശിച്ച് നിരന്തരമായ മേൽനോട്ടവും കൗൺസിലിങ്ങും നടത്തുന്നതിനുള്ള പദ്ധതിയും ബജറ്റിൽ ലക്ഷ്യമിടുന്നു.

പഞ്ചായത്തിലെ നെല്ലിയമ്പം, ചീക്കല്ലൂർ, കണിയാമ്പറ്റ, കമ്പളക്കാട് എന്നീ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി സഹവാസ ക്യാമ്പുകൾ, പഠന യാത്രകൾ, ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ മേളകൾ, കലാ-കായിക മേളകൾ എന്നിവ നടത്തുന്നതിനും സ്കൂളുകളിൽ സൗകര്യമായ ഇടങ്ങളിൽ പാർക്ക് നിർമ്മിക്കുന്നതിനും ബജറ്റ് ലക്ഷ്യമിടുന്നു. കുട്ടികൾക്ക് പരിശീലകനെ നിയമിച്ച് നീന്തൽ പരിശീലനം നൽകുന്നതിനുമുള്ള പദ്ധതി മുൻഗണനയോടെ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു.

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം, എസ്. എസ്. എ വിഹിതം എന്നിവ നൽകുന്നതിനും പദ്ധതി തയ്യാറാക്കുന്നു. വിദ്യാലയങ്ങൾക്കാവശ്യമായ ഫർണിച്ചർ, അറ്റകുറ്റപ്പണി, സ്കൂളുകളിൽ അടുക്കളത്തോട്ടം എന്നിവയ്ക്കും തുക വകയിരുത്തുന്നുണ്ട്. ആദിവാസി സമ്പൂർണ്ണ സാക്ഷരതയ്ക്കും ആദിവാസി സാക്ഷരതാ തുടർ പഠനത്തിനും പദ്ധതികൾ തയ്യാറാക്കി തുക വകയിരുത്തിയിട്ടുണ്ട്. എസ്.

സി/എസ്.ടി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം നൽകി ഉപകരണങ്ങൾ നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. അവരുടെ ഗോത്ര കലകൾ അന്യം നിന്ന് പോകാതെ സംരക്ഷിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഉന്നത പഠനത്തിന് സഹായകമായി എസ്.സി എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്നതിനും തുക വകയിരുത്തുന്നു.

ഭിന്നശേഷികുടുംബങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾക്കു വേണ്ടി ബജറ്റിൽ തുക നീക്കി വെക്കുന്നു. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് കലാകായിക മത്സരങ്ങൾ നടത്തുന്നതിനും സ്കോളർഷിപ്പ് നൽകുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് ബഡ്സ് സ്കൂളുകളും ഐ. ഇ. ഡി സെന്ററുകളും ആരംഭിക്കുന്നതിനുള്ള പദ്ധതികളും ബജറ്റിൽ ഇടം പിടിച്ചിട്ടുണ്ട്.

ഒരു കാലത്ത് തങ്ങളുടെ ആരോഗ്യവും കഴിവും സമ്പത്തും സമൂഹത്തിന്റെയും കുടുംബത്തിന്റെയും ഉന്നമനത്തിനായി ചെലവഴിച്ചവരാണ് നമ്മുടെ രക്ഷിതാക്കൾ. ജീവിത സായന്തനത്തിൽ അവരെ ചേർത്തു നിർത്തേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. വയോജനങ്ങൾക്ക് ആയുർവ്വേദ മരുന്നുകൾ വാങ്ങുന്നതിന് 3 ലക്ഷം രൂപ ഈ ബജറ്റിൽ നീക്കി വെക്കുന്നു. പഞ്ചായത്തിലെ കമ്പളക്കാട്, കണിയാമ്പറ്റ, ചുണ്ടക്കര മേഖലകളിൽ ജനങ്ങൾക്കു കൂടി ആയുർവ്വേദ ആശുപത്രിയുടെ സേവം ലഭ്യമാക്കുന്നതിനായി കമ്പളക്കാട് ആയുർവ്വേദ ആശുപത്രി സബ് സെന്റർ ആരംഭിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ വയോജനങ്ങൾക്കായി വാർഡുകൾ കേന്ദ്രീകരിച്ച് ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും വയോജനമേളകൾ നടത്തുന്നതിനും വയോജനങ്ങളുടെ സർഗ്ഗാത്മക രചനകൾ പ്രസിദ്ധീകരിക്കുന്നതിനും ബജറ്റ് ലക്ഷ്യമിടുന്നു. വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിന് വേണ്ടി ഉല്ലാസ യാത്ര നടത്തുന്നതിനും വാർഡുകൾ തോറും വയോജന ക്ലബ്ബുകൾ രൂപീകരിച്ച് അവരുടെ കൂടിച്ചേരലുകൾക്ക് ഇടം നൽകുന്നതിനും ഉദ്ദേശിക്കുന്നു. പഞ്ചായത്തിലെ വയോജനളിൽപ്പെട്ടവർക്ക് ദന്ത സംരക്ഷണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി 'മന്ദഹസം' പദ്ധതി ഈ ബജറ്റിൽ ഉൾപ്പെടുത്തുന്നു.

കുടുംബശ്രീ വനിതകൾക്ക് വിവിധ ധനസഹായ പദ്ധതികളിലൂടെ ആരംഭിച്ചിട്ടുള്ള മൈക്രോ സംരംഭങ്ങൾ, ജെ.എൽ.ജി ഗ്രൂപ്പുകൾ നടപ്പാക്കിയിട്ടുള്ള പാട്ടകൃഷി, കൂട്ടുകൃഷി പ്രോത്സാഹനം, അടുക്കള മുറ്റത്തെ കോഴി വിതരണം, കൌമാരക്കാരായ പെൺകുട്ടികൾക്കുള്ള പ്രത്യേക പദ്ധതി (എസ്. എൽ ജി) എന്നീ പദ്ധതികളും നടപ്പാക്കുന്നു. സ്ത്രീ ശാക്തീകരണത്തിനും അവയുടെ വരുമാനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുമുള്ള ഒട്ടനവധി പദ്ധതികൾ കുടുംബശ്രീ മുഖേന നടപ്പാക്കി വരുന്നുണ്ട്. വനിതകളുടെ ആഴ്ച ചന്ത എല്ലാ തിങ്കളാഴ്ചകളിലും ബുധനാഴ്ചകളിലും പഞ്ചായത്ത് ആസ്ഥാനത്ത് നടത്തി വരുന്നു. ഇതിലൂടെ വനിതകളെ സാമൂഹികമായും സാമ്പത്തികമായും ശാക്തീകരിക്കുക എന്നതാണ് പഞ്ചായത്തിന്റെ ലക്ഷ്യം. വനിതകളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് ഷി ഹെൽത്ത് പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ട്. വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനും ഈ ബജറ്റിൽ തുക നീക്കി വെക്കുന്നു.

കുട്ടികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് അംഗൺവാടികളുടെ പ്രവർത്തനം, അംഗൺവാടി വർക്കർമാർക്കുള്ള അധിക വേതനം, അംഗൺവാടി കുട്ടികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാരം, അംഗൺവാടി വൈദ്യുതീകരണം, കുടിവെള്ള സൗകര്യം, ഫർണിച്ചർ, മറ്റ് പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവക്കായി ത്രിതല പഞ്ചായത്തുകൾ സംയുക്തമായി തുക ഈ ബജറ്റിൽ നീക്കി വെക്കുന്നു.

പഞ്ചായത്തിലെ ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് വേണ്ടിയും കെട്ടിടത്തിന് വേണ്ടിയും ഈ ബജറ്റിൽ 16 ലക്ഷം രൂപ നീക്കി വെക്കുന്നു. കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, ഫർണിച്ചർ, ലാപ്ടോപ് എന്നിവ ലഭ്യമാക്കി മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള പദ്ധതികളും തയ്യാറാക്കുന്നു.

ഗ്രാമീണ മേഖലയിൽ യുവതി - യുവാക്കളുടെ കലാ-കായിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി സ്പോർട്സ് അക്കാദമി സ്ഥാപിക്കൽ പദ്ധതി തയ്യാറാക്കുന്നു. പഞ്ചായത്തിലെ കരണി, മില്ലുമുക്ക്, കമ്പളക്കാട് എന്നീ സ്ഥലങ്ങളിലെ സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിനും ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം നടത്തുന്നതിനും കേരളോത്സവം നടത്തുന്നതിനും ഈ ബജറ്റിൽ തുക വകയിരുത്തുന്നു. പഞ്ചായത്തിലെ പനങ്കണ്ടിയിലെ പഞ്ചായത്ത് കുളം നവീകരിച്ച് നീന്തൽക്കുളമാക്കുന്നതിനും നീന്തൽ

പരിശീലനത്തിനും തുക ഈ ബജറ്റിൽ നീക്കി വെക്കുന്നു. പഞ്ചായത്തിലെ ഫുട്ബോൾ, ക്രിക്കറ്റ്, കബഡി താരങ്ങളെ പരിശീലിപ്പിക്കുന്നതിനും പുതിയ താരങ്ങളെ വാർത്തെടുക്കുന്നതിനും കോച്ചിംഗ് ക്യാമ്പുകൾ കമ്പളക്കാട്, മില്ലുമുക്ക്, കണിയാമ്പറ്റ, നടവയൽ, കരണി എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു. ആയതിനായി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ടർഫ് കോർട്ടുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു.

പട്ടികജാതി മേഖലയിലെ അംഗണ്വാടി കുട്ടികളുടെ പോഷകാഹാരത്തിന് വേണ്ടിയും ഭവന നിർമ്മാണത്തിന് വേണ്ടിയും ഗതാഗത സൗകെര്യം മെച്ചപ്പെടുത്തുന്നതിനും എസ്. എസ്. എ വിഹിതം നൽകുന്നതിനും തുക ഈ ബജറ്റിൽ തുക നീക്കി വെച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് പി. എസ്. സി കോച്ചിംഗ് നൽകുന്നതിനുള്ള സൗകര്യവും തയ്യാറാക്കുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് വേണ്ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതുൾപ്പെടെ വിദ്യാഭ്യാസ മേഖലയിൽ പല പദ്ധതികളും നടപ്പാക്കി വരുന്നുണ്ട്. ഭവന പദ്ധതിക്ക് പുറമെ കാർഷിക മേഖലയിലും മൃഗസംരക്ഷണ മേഖലയിലും ഉണർവ്വ് വരുത്തുന്നതിനു വേണ്ടിയുള്ള പദ്ധതികളും ഉൾപ്പെടുത്തുന്നു. അംഗണ്വാടി കുട്ടികളുടെ പോഷകാഹാരം, എസ്. എസ്. എ വിഹിതം നൽകൽ, ഉന്നതികളിലെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനുമുള്ള വിവിധ പദ്ധതികൾ തുടങ്ങിയ പദ്ധതികൾക്ക് തുക ഈ ബജറ്റിൽ നീക്കി വെക്കുന്നു. ലഹരി വസ്തുക്കളിൽ നിന്നുള്ള മോചനത്തിന് വേണ്ടി ബോധവത്കരണ പ്രവർത്തനങ്ങൾ, സിനിമാ പ്രദർശനം എന്നിവ ഉന്നതികൾ കേന്ദ്രീകരിച്ച് നടത്തുന്നതിനുള്ള പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കായി പ്രഭാത ഭക്ഷണത്തിനായി 8 ലക്ഷം രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്തിലെ ചിത്രമൂയിൽ 1 ഏക്കർ സ്ഥലം വിലക്കെടുത്ത് 'ആദിവാസി പൈതൃക ഗ്രാമം' സജ്ജീകരിക്കുന്ന പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിനും ബജറ്റിൽ ലക്ഷ്യമിടുന്നു.

നമ്മുടെ നാട്ടിൽ ലഹരിയുടെ ഉപയോഗം കൂടി വരുന്ന കാലമാണ്. പല യുവാക്കളും ലഹരി വസ്തുക്കളുടെ ഉപഭോക്താക്കളും വിൽപ്പനക്കാരുമാണ്. ആദിവാസി ഗോത്രങ്ങളും ഇതിന്റെ പിടിയിലാണ്. ബോധവൽക്കരണത്തിലൂടെ മാത്രമേ ഇതിന് ശാശ്വത പരിഹാരം കാണാൻ കഴിയുകയുള്ളു. ഇതിനായി എക്സൈസ് വകുപ്പുമായി സഹകരിച്ച് ലഹരി വിരുദ്ധ കാമ്പയിൻ നടത്തുന്നതിന് സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതാണ്.

വൈദ്യുതി മേഖലയിൽ ഗ്രാമ പഞ്ചായത്തിന്റെ സ്ഥാനം ശരാശരിക്കും മുകളിലാണ്. ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങൾ ഉണ്ടെങ്കിൽ അവിടെയും വൈദ്യുതീകരിക്കുന്നതിന് സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ട്രീറ്റ് മെയിൻ ഇല്ലാത്ത പ്രദേശങ്ങളിലെല്ലാം സ്ട്രീറ്റ്മെയിൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് മുന്തിയ പരിഗണന നൽകി നടപ്പാക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നു.

പഞ്ചായത്തിലെ മുഴുവൻ പ്രവൃത്തികളും പരിശോധിക്കുന്നതിന് സോഷ്യൽ ഓഡിറ്റ് ടീം രൂപീകരിച്ച് പരിശീലനം നൽകുവാനും ലക്ഷ്യമിടുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വളരെ നല്ലനിലയിൽ നമ്മുടെ പഞ്ചായത്തിൽ നടന്നു വരുന്നുണ്ട്. 6,882 തൊഴിൽ കാർഡുകൾ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 202627 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 6.57 കോടിയോളം രൂപ ചെലവാക്കിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി സാധാരണക്കാരുടെ ജീവിത നിലവാരത്തിൽ വളരെയധികം സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടുണ്ട്. ഓരോ വർഷവും കോടിക്കണക്കിന് രൂപയാണ് കൂലിയായി തൊഴിലാളികളുടെ അക്കൌണ്ടുകളിലൂടെ വിതരണം ചെയ്യുന്നത്. പ്രായപരിധി ഇല്ലാതെ ഏവർക്കും ജോലി ചെയ്യാവുന്ന ഒരു തൊഴിൽ മേഖലയാണ് തൊഴിലുറപ്പ് പദ്ധതി. നിർഭാഗ്യവശാൽ ആദിവാസി മേഖലയിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം വളരെ കുറവാണ്. അതിന്റെ പ്രധാന കാരണം ജോലി ചെയ്താൽ അന്ന് തന്നെ കൂലി നൽകുന്ന രീതി ഇല്ലാത്തതാണ്. എന്നാലും കൂടുതൽ ആദിവാസി തൊഴിലാളികളെ തൊഴിലുറപ്പ് പദ്ധതിയിൽ പങ്കാളികളാക്കാൻ നമ്മുടെ ഭാഗത്തു നിന്നും ശ്രമം ഇനിയും ഉണ്ടാവേണ്ടതാണ് ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ 738 പേർ 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി എല്ലാ മേഖലയെയും സ്പർശിച്ചുകൊണ്ടാണ്

പോകുന്നത്. പ്രത്യേകിച്ച് കാർഷിക മേഖല, മൃഗസംരക്ഷണ മേഖല, മണ്ണ് - ജല സംരക്ഷണം എന്നീ മേഖലകളിലാണ്. വ്യക്തിഗത പദ്ധതികളായ തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, ഭവന നിർമ്മാണം, ജലസേചന കിണർ, കമ്പോസ്റ്റ് പിറ്റ്, സോക്ക് പിറ്റ് എന്നിവക്കും പൊതുവായ ഗ്രാമീണ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനുമാണ് തുക ചെലവഴിക്കുന്നത്. അവിദഗ്ധ തൊഴിലാളികൾ, വിദഗ്ധ തൊഴിലാളികൾ, അർദ്ധ വിദഗ്ധ തൊഴിലാളികൾ എന്നിവരുൾപ്പെടെയുള്ളവർക്കാണ് തൊഴിൽ നൽകപ്പെടുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കയർ ഭൂവസ്ത്രം ഉപയോഗിച്ച് തോട് സംരക്ഷണവും, സ്ഥല ലഭ്യതക്കനുസരിച്ച് പച്ചത്തുരുത്ത് നിർമ്മാണവും, സംരക്ഷണവും ജൈവ വൈവിദ്ധ്യം നിലനിർത്തുന്നതിനായി പഞ്ചായത്തിലെ കാവുകളുടെ സംരക്ഷണവും ഈ ബജറ്റിൽ ലക്ഷ്യമിടുന്നു. ഈ മേഖലയിൽ 202627 വർഷം 10 കോടി രൂപ ഈ ബജറ്റിൽ നീക്കി വെക്കുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ ജലസേചന കിണറുകൾ നിർമ്മിച്ച് ചെറുകിട നാമമാത്ര കർഷകർക്ക് അവരവരുടെ സ്ഥലത്ത് ജലസേചന സൗകെര്യം ലഭ്യമാക്കി വിളവുകൾ വർദ്ധിപ്പിക്കുന്നതിനും പച്ചക്കറി കൃഷി നടത്തി വീട്ടാവശ്യങ്ങൾക്ക് ആവശ്യമായ വിഷരഹിത പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനും പദ്ധതി തയ്യാറാക്കുന്നു. കുട്ടികളെ കാർഷികവൃത്തിയിൽ താൽപര്യമുള്ളവരാക്കി മാറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ട് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് പച്ചക്കറി കൃഷി ആരംഭിക്കുന്നതിനും ആവശ്യമായ സഹായ സഹകരണങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ കൂടി നൽകുന്നതിനും പദ്ധതി തയ്യാറാക്കുന്നു.

കമ്പളക്കാട് ടൗണിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള 25 സെന്റ് സ്ഥലത്ത് പഞ്ചായത്തിന്റെയും വയനാട് പാക്കേജ് പദ്ധതിയുടെയും സംയുക്ത പ്രവർത്തനങ്ങളുടെ ഭാഗമായി സൗകെര്യപ്രദമായ ഷെൽട്ടർ ഹോം - സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് 2.25 കോടി രൂപ വകയിരുത്തുന്നു.

കമ്പളക്കാട് ബസ്റ്റാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് സമീപത്തായി അധിക സ്ഥലം വിലക്കെടുത്ത് സ്മാർട്ട് ബസ്സ് ഷെൽട്ടർ, കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിനും പദ്ധതി തയ്യാറാക്കുന്നു. നിലവിലുള്ള ബസ്റ്റാന്റിനോട് ചേർന്ന് പ്രത്യേക വനിതാ നൈപുണ്യ കേന്ദ്രം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള പദ്ധതിയും ഉൾപ്പെടുത്തുന്നു.

നമ്മുടെ ഗ്രാമ പഞ്ചായത്ത് ഐ. എസ്. ഒ നിലവാരത്തിലുള്ളതാണ്. സേവനങ്ങൾ പരമാവധി വേഗത്തിൽ നൽകുന്നതിനും സാധിക്കും. ഒപ്പം ഓഫീസിൽ എത്തുന്ന എല്ലാവരോടും നല്ല പെരുമാറ്റവും നല്ല സമീപനവും ജനപ്രതിനിധികളിൽ നിന്നും ജീവനക്കാരിൽ നിന്നും ലഭ്യമാക്കുന്നതിന് പൊതുപെരുമാറ്റച്ചട്ടം കൊണ്ടുവരുന്നതാണ്. നികുതി വരുമാനം 100 ശതമാനം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വിവിധ ആവശ്യങ്ങൾക്കായി ഗ്രാമ പഞ്ചായത്തിൽ എത്തുന്നവരുടെ സൗകര്യത്തിനായി ഓഫീസിൽ ഡിജിറ്റൽ സൗകെര്യങ്ങളോടുകൂടിയ ജനസേവന സംവിധാനം ഏർപ്പെടുത്തുന്നതാണ്. ജന സൗഹൃദ പഞ്ചായത്ത് ഓഫീസ് പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ ഹെൽപ്പ് ഡസ്കുമായി സംയോജിപ്പിച്ച് വിവിധ ആവശ്യങ്ങൾക്കുമായി ഓഫീസിലെത്തുന്ന ബഹുമാന്യ ജനങ്ങൾക്ക് ഏറ്റവും എളുപ്പത്തിൽ ജനസേവന സൗകെര്യം ഒരുക്കുന്നതിനുള്ള പദ്ധതിയും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തിന്റെ ഭരണപരമായ ചെലവുകൾക്ക് വേണ്ടി, അതായത് ജീവനക്കാരുടെ ശമ്പളം, ഭരണസമിതി അംഗങ്ങളുടെ ഓണറേറിയം, യാത്രാബത്ത, സിറ്റിംഗ് ഫീ, ജീവനക്കാരുടെ യാത്രാബത്ത, മറ്റ് ചെലവുകൾ, ഓഫീസ് കണ്ടിജന്റ് ചെലവുകൾ, തെരുവ് വിളക്ക് ചാർജ്ജ്, വെള്ളക്കരം, ഓഫീസ് പ്രവർത്തനത്തിനാവശ്യമായ സ്റ്റേഷനറി, പ്രിന്റിംഗ് മുതലായ ഭരണപരമായ എല്ലാ ചെലവുകൾക്കും തുക നീക്കി വെക്കുന്നു.

സ്ഥല പരിമിതി മൂലം ബുദ്ധിമുട്ടുന്ന പഞ്ചായത്ത് ഓഫീസ് കെട്ടിടം വിപുലീകരിക്കുന്നതിന് വേണ്ടി സ്ഥലം ലഭ്യമായ ഉടൻ ആധുനിക സൗകെര്യങ്ങളോടെയുള്ള ഓഫീസ് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനും പദ്ധതി ഉൾപ്പെടുത്തുന്നു.

കരണി സ്റ്റേഡിയത്തിന് ചുറ്റും ഡ്രൈനേജും, കവറിംഗ് നെറ്റും സ്ഥാപിക്കുന്നതിനും ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. മില്ലുമുക്ക് സ്റ്റേഡിയം നവീകരണത്തിനുള്ള പദ്ധതികളും ഈ വർഷം തന്നെ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ

നടന്നുവരുന്നുണ്ട്. കമ്പളക്കാട് സ്റ്റേഡിയം എല്ലാവിധ സൗകെര്യങ്ങളും ഉൾപ്പെടുത്തി നവീകരിക്കുന്നതിനുമുള്ള പദ്ധതികൾ നടന്നു വരുന്നുണ്ട്.

ഈ ബജറ്റിൽ പ്രഥമ പരിഗണന നൽകുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

സ്ഥല പരിമിതി മൂലം വീർപ്പു മുട്ടുന്ന ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ വിപുലീകരണത്തിന് ആവശ്യമായ സ്ഥലമെടുപ്പിനും കെട്ടിട നിർമ്മണത്തിനുമായി ആവശ്യമായ തുക ഉൾപ്പെടുത്തി പ്രാധാന്യത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

പഞ്ചായത്ത് ഓഫീസിലും മുഴുവൻ ഘടക സ്ഥാപനങ്ങളിലും സൗജന്യ വൈഫൈ കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കുന്നു.

റഗുലർ സ്കൂൾ വിദ്യാഭ്യാസത്തിന് അവസരം ലഭിക്കാത്തവർക്ക് തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി പരീക്ഷ എഴുതി സാക്ഷരരകാനുള്ള നടപടികൾക്കുള്ള പദ്ധതി ബജറ്റിൽ ഉൾപ്പെടുത്തുന്നു.

ടൂറിസ്റ്റുകളെ ഗ്രാമ പഞ്ചായത്തിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനു വേണ്ടി കരണി കല്ലഞ്ചിറ ഡാം പ്രദേശം വിനോദ സഞ്ചാര കേന്ദ്രമാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നു.

പഞ്ചായത്തിലെ കമ്പളക്കാട് കാരാപ്പുഴ ഇടതുകര കനാൽ നിർമ്മാണ പ്രവർത്തി പൂർത്തീകരിച്ചതും നിലവിൽ തരിശായി കിടക്കുന്നതുമായ ഭൂമിയിൽ ജലസേചന വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കി ചിൽഡ്രൻസ് പാർക്ക്, ഓപ്പണ് ജിംനേഷ്യം, വയോജന പാർക്ക് എന്നിവ സജ്ജീകരിക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തുന്നു.

പഞ്ചായത്തിൽ നിലവിലുള്ള പൊതു ശ്മശാനത്തിനോട് ചേർന്ന് 1 ഏക്കർ സ്ഥലം വിലക്കെടുത്ത് ആധുനികി സൗകെര്യങ്ങളോടെയുള്ള ഇലക്ട്രിക്/ഗ്യാസ് ക്രിമിറ്റോറിയം സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ബജറ്റിൽ ഉൾപ്പെടുത്തുന്നു.

വെള്ളപ്പൊക്കം പോലുള്ള അപായ പ്രവണതകൾക്ക് തടയിടുനിനതിന്റെ ഭാഗമായി റോഡുകളിൽ ബേം കട്ടിംഗ് ഒഴിവാക്കി എർത്ത് ഡ്രൈനേജുകൾ നിർമ്മിച്ച് ജലം പുഴകളിലേക്ക് ഒലിച്ചിറങ്ങുന്നതിനും പുഴകളിലെ അധിക മണൽ നീക്കം ചെയ്ത് ജലം ഒഴുക്ക് സുഗമമാക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിന് മതിയായ തുക ബജറ്റിയിൽ വകയിരുത്തുന്നു.

ഈ ബജറ്റിൽ നീക്കിയിരിപ്പായി 2,49,04,236 രൂപയും വരവുകളിൽ 55,05,44000 രൂപയും ഉൾപ്പടെ ആകെ 57,54,48,236 രൂപയും വിവിധ മേഖലകളിലെ ചിലവുകൾക്കായി 56,86,81,736 രൂപയും കിഴിച്ച് 67,66,500/- രൂപ നീക്കിയിരിപ്പുമാണ്.

**രോഷ്മ രമേഷ്**
വൈസ് പ്രസിഡണ്ട്
കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത്

# കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്
# 2026-2027 ബഡ്ജറ്റ് ഒറ്റ നോട്ടത്തിൽ

2025-26 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ട്, മെയിൻറനൻസ് ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കെട്ടിട നികുതി, തൊഴിൽ നികുതി, മറ്റു ഫീസുകൾ ഉൾപ്പെടെ **57,54,48,236** രൂപയാണ് ആകെ വരവ് പ്രതീക്ഷിക്കുന്നത്. ഭരണചെലവുകൾ, കാർഷിക മേഖലയിലേയും ക്ഷീര മേഖലയിലേയും പുരോഗമനം, കുടിവെള്ള പദ്ധതികൾ, ഭവന നിർമ്മാണം, ദേശീയ തൊഴിലുറപ്പ് പദ്ധതി വികസന പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ, ക്ഷേമ പ്രവർത്തനം, മറ്റു സാമൂഹ്യ സേവന പ്രവർത്തനങ്ങൾ , ഉൽപ്പാദന മേഖല മുതലായവ ഉൾപ്പെടെ **56,86,81,736** രൂപയുടെ ചെലവും , **67,66,500** രൂപ നീക്കി ബാക്കിയുമാണ് ഈ ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്നത്. സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ച വികസന ഫണ്ടിൻറെയും ജനറൽ പർപ്പസ് ഫണ്ടിൻറേയും തുകയാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്

| പ്രതീക്ഷിത വരുമാനം | | |
|---|---|---|
| **പ്രാരംഭ ബാക്കി** | | **2,49,04,236** |
| വസ്തു നികുതി | 1,60,00,000 | |
| തൊഴിൽ നികുതി | 32,00,000 | |
| **ആകെ നികുതി വരുമാനം** | | **1,92,00,000** |
| രജിസ്ട്രേഷൻ ഫീസ് ഹോസ്പിറ്റൽ , പാരാമെഡിക്കൽ | 1,000 | |
| ലൈ സൻസ് ഫീസ് IFTEOS | 7,00,000 | |
| ലൈസൻസ് ഫീസ് P.P.R ACT | 15,000 | |
| ലൈസൻസ് ഫീസ് Domestic Dogs | 1,000 | |
| ലൈസൻസ് മറ്റ് ഫീസുകൾ | 1,000 | |
| കെട്ടിട നിർമ്മാണ ഫീസ് | 18,00,000 | |

| | | |
|---|---|---|
| പെർമിറ്റ് ഫീസ് | 2,00,000 | |
| ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിനുള്ള ഫീസ് | 10,000 | |
| മാര്യേജ് രജിസ്ട്രേഷൻ ഫീസ് | 20,000 | |
| ഫീസ് RTI Act | 8,000 | |
| റെഗുലറൈസേഷൻ ഫീസ് | 6,00,000 | |
| പിഴ പലിശ | 1,00,000 | |
| മാലിന്യം തള്ളൽ പിഴ | 30,000 | |
| ഉടമസ്ഥാവകാശ മാറ്റൽ ഫീസ് പിഴ | 30,000 | |
| കാലതാമസം നേരിട്ട രജിസ്ട്രേഷൻ ഫീസ് | 10,000 | |
| ലേറ്റ് ഫീസ് | 3,000 | |
| ബാങ്ക് നിക്ഷേപങ്ങളിൽ പലിശ | 2,50,000 | |
| വാടക ഷോപ്പിംഗ് കോപ്ലക്സ് | 5,00,000 | |
| **ആകെ നികുതിയേതര വരുമാനം** | | **42,79,000** |
| ജനറൽ പർപ്പസ് ഫണ്ട് | 2,91,66,000 | **2,91,66,000** |
| **ആകെ ( തനത് ഫണ്ട് + ജനറൽ പർപ്പസ് ഫണ്ട് )** | | **5,26,45,000** |
| | | |
| **വികസന ഫണ്ട്** | | |
| വികസന ഫണ്ട് ജനറൽ | 3,86,63,000 | |
| വികസന ഫണ്ട് റ്റി.എസ്.പി. | 1,67,48,000 | |
| വികസന ഫണ്ട് എസ്.സി.പി. | 25,56,000 | |
| മെയിൻറനൻസ് ഗ്രാൻറ് റോഡ് | 2,44,33,000 | |
| മെയിൻറനൻസ് ഗ്രാൻറ് റോഡിതരം | 1,09,96,000 | |
| ധനകാര്യ കമ്മീഷൻ അടിസ്ഥാന ഗ്രാൻറ് | 48,81,200 | |

| | | | |
|---|---|---|---|
| ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാൻറ് | 73,21,800 | | |
| **ആകെ വികസന ഫണ്ട്** | | | **10,55,99,000** |
| | | | |
| ഗുണഭോക്തൃ വിഹിതം | 8,00,000 | | **8,00,000** |
| | | | |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ** | | | |
| ലൈഫ് മിഷൻ ജനറൽ | 25000000 | 4,20,00,000 | |
| ലൈഫ് മിഷൻ എസ്.സി.പി. | 2000000 | | |
| ലൈഫ് മിഷൻ ടി.എസ്.പി. | 15000000 | | |
| എം.എൽ.എ. ഫണ്ട് | 1500000 | 15,00,000 | |
| **ആകെ സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | **4,35,00,000** |
| | | | |
| **സംയോജിത പദ്ധതികൾ** | | | |
| **ബ്ലോക്ക് പഞ്ചായത്ത് വിഹിതം** | | | |
| നെൽകൃഷി കൂലി ചെലവ് ജനറൽ | 2000000 | 24,00,000 | |
| നെൽകൃഷി കൂലി ടി.എസ്.പി. | 400000 | | |
| പാൽ സബ് സിഡി ജനറൽ | 400000 | 8,00,000 | |
| പാൽ സബ് സിഡി ടി.എസ്.പി. | 400000 | | |
| ക്രിമിറ്റോറിയം | 500000 | 5,00,000 | |
| എം.സി.എഫ്. | 3500000 | 35,00,000 | |
| ലൈഫ് മിഷൻ ജനറൽ | 3000000 | 45,00,000 | |
| ലൈഫ് മിഷൻ എസ്.സി.പി. | 500000 | | |
| ലൈഫ് മിഷൻ ടി.എസ്.പി. | 1000000 | | |
| **ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം** | | | **1,17,00,000** |
| | | | |

| **ജില്ലാ പഞ്ചായത്ത് വിഹിതം** | | | |
|---|---|---|---|
| ലൈഫ് മിഷൻ ജനറൽ | 4000000 | 70,26,000 | |
| ലൈഫ് മിഷൻ എസ്.സി.പി. | 726000 | | |
| ലൈഫ് മിഷൻ ടി.എസ്.പി. | 2300000 | | |
| നെൽകൃഷി കൂലി ചെലവ ജനറൽ | 2874000 | 32,74,000 | |
| നെൽകൃഷി ടി.എസ്.പി. | 400000 | | |
| പാൽ സബ് സിഡി ജനറൽ | 700000 | 7,00,000 | |
| **ആകെ ജില്ലാ പഞ്ചായത്ത് വിഹിതം** | | | **1,10,00,000** |
| | | | |
| വായ്പ ( ലൈഫ് , ഹഡ്കോ ) | 7,90,00,000 | | 7,90,00,000 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 10,00,00,000 | | |
| ICDS Central Share | 30,00,000 | | |
| **ആകെ കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ വരവുകൾ** | | | 10,30,00,000 |
| കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | 1,00,00,000 | | |
| വിധവാ പെൻഷൻ | 3,00,00,000 | | |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 10,00,000 | | |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 1,00,00,000 | | |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള സാമ്പത്തിക സഹായം | 3,00,000 | | |
| വാർദ്ധക്യ കാല പെൻഷൻ | 4,20,00,000 | | |

| | | |
|---|---|---|
| സ്ത്രീ സുരക്ഷാ പദ്ധതി | 5,00,00,000 | |
| **ആകെ** | | **14,33,00,000** |
| | | |
| **ആകെ പ്രതീക്ഷിത വരുമാനം** | | 55,05,44,000 |
| **ആകെ വരവ് ( ആകെ പ്രതീക്ഷിത വരുമാനം + മുൻ ബാക്കി)** | | **57,54,48,236** |
| | | |
| **അനിവാര്യ ചെലവുകൾ** | | |
| എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ | 2,73,63,500 | |
| ഭരണ ചെലവുകൾ | 27,90,000 | |
| സംരക്ഷണവും നടത്തിപ്പും ചെലവുകൾ | 39,25,000 | |
| മറ്റ് ചെലവുകൾ | 8,00,000 | |
| **ആകെ** | **3,48,78,500** | |
| | | |
| **പ്രത്യേക പ്രോഗ്രാം ചെലവുകൾ** | | |
| ദുരന്ത നിവാരണം | 5,00,000 | |
| ഇലക്ഷൻ | 5,00,000 | |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 10,00,00,000 | |
| **ആകെ** | **10,10,00,000** | |

| | | |
|---|---|---|
| **വിവിധ മേഖലകളിലെ അനിവാര്യ ചെലവുകളും പദ്ധതി ചെലവുകളും** | | |
| സേവന മേഖല | 19,24,29,201 | |
| ഉൽപ്പാദന മേഖല | 2,03,73,333 | |
| പശ്ചാത്തല മേഖല | 2,93,91,800 | |
| മറ്റ് റവന്യൂ ചെലവുകൾ | 16,06,50,000 | |
| മൂലധന ചെലവുകൾ | 6,58,37,402 | |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 10,00,00,000 | |
| | | |
| **ആകെ ചെലവുകൾ** | **56,86,81,736** | |

| | |
|---|---|
| **ബഡ്ജറ്റ് പ്രധാന വകയിരുത്തലുകൾ** | |
| ഭവന നിർമ്മാണം | 14,91,30,000 |
| കൃഷിയും അനുബന്ധ മേഖലകളും | 93,33,333 |
| ക്ഷീര മേഖലയും മൃഗ സംരക്ഷണവും | 39,00,000 |
| വയോജന ക്ഷേമം | 20,92,001 |
| ദാരിദ്ര്യ ലഘൂകരണം | 4,00,000 |
| തൊഴിൽ പരിശീലന കേന്ദ്രം | 5,00,000 |

| | |
|---|---|
| എം.സി.എഫ്. സ്ഥലം വാങ്ങൽ | 50,00,000 |
| റോഡ് വികസനം | 2,48,66,800 |
| വിദ്യാഭ്യാസ രംഗം, കല, യുവജനക്ഷേമം, സംസ്ക്കാരം | 58,00,000 |
| ആരോഗ്യ രംഗം | 57,60,000 |
| ടർഫ് | 5,00,000 |
| ക്രിമിറ്റോറിയം നിർമ്മാണം പ്രാരംഭ നടപടികൾ | 5,00,000 |
| തെരുവ് വിളക്ക് | 15,00,000 |
| അതി ദരിദ്രരുടെ ക്ഷേമം | 4,50,000 |
| പട്ടിക വർഗ്ഗ ക്ഷേമം | 4,64,06,800 |
| പട്ടിക ജാതി ക്ഷേമം | 88,70,000 |
| കുടിവെള്ളം | 38,00,000 |
| പൊതു ശുചിത്വം | 40,00,000 |
| ഭിന്നശേഷി സഹായം | 12,75,000 |
| വനിത/ശിശുക്ഷേമം | 65,39,001 |
| അംഗൺവാടി പോഷകാഹാരം | 62,00,000 |

| | |
|---|---|
| ടൂറിസം വികസനം | 500,000 |
| ഘടക സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തൽ | 87,76,800 |
| കുട്ടികളുടെ പാർക്ക്, ഓപ്പൺ ജിം | 5,00,000 |
| ദുരന്ത നിവാരണം അനുബന്ധ പ്രവർത്തനങ്ങൾ | 5,00,000 |
| കമ്പ്യൂട്ടർ വൽക്കരണം | 13,50,000 |
| ഡിജിറ്റൽ പഞ്ചായത്ത് | 10,00,000 |
| ഖരമാലിന്യ പരിപാലനം | 55,00,000 |
| കമ്പളക്കാട് ബസ്സ് സ്റ്റാൻറിന് സ്ഥലം വാങ്ങൽ | 5,00,000 |
| | |
| **മുൻ ബാക്കി** | **2,49,04,236** |
| **വരവ്** | **55,05,44,000** |
| **ആകെ വരവ്** | **57,54,48,236** |
| **ആകെ ചെലവ്** | **56,86,81,736** |
| **നീക്കി ബാക്കി** | **67,66,500** |

# 2026-2027 NEW BUDGET

| SN | HEAD OF ACCOUNTS | BUDGET FOR 2025-2026 | BUDGET FOR 2026-2027 |
|---|---|---|---|
| | Opening Balance | 92236087 | 24904236 |
| | Tax Revenues - 110 | | |
| 1 | 1100101 Property Tax (General) | 14200000 | 16000000 |
| 2 | 1101001 Profession Tax – Employees | 1800000 | 2000000 |
| 3 | 1101002 Profession Tax - Traders/ Institutions | 1100000 | 1200000 |
| | Total Tax Revenues | 17100000 | 19200000 |
| | Fees and User Charges - 140 | | |
| 4 | 1401001 Private Hospital & Paramedical Institutions Registration Fee | 200 | 1000 |
| 5 | 1401101 License Fees for IFTEOS | 625000 | 700000 |
| 6 | 1401103 License Fees under P.P.R ACT | 10000 | 15000 |
| 7 | 1401106 License Fees for Domestic Dogs | 100 | 1000 |
| 8 | 1401199 Other Licensing Fees | 425 | 1000 |
| 9 | 1401201 Fees for Construction of Buildings | 2000000 | 2000000 |
| 10 | 1401203 Permit Application fee | 200000 | 200000 |
| 11 | 1401205 Fees for Erection of Telecommunication Tower | 10000 | 10000 |
| 12 | 1401304 Fee for Marriage Registration | 17560 | 20000 |
| 13 | 1401401 Fees under RTI Act | 6000 | 8000 |
| 14 | 1401701 Regularization Fees | 512000 | 600000 |
| 15 | 1402001 Penal Interest | 70000 | 100000 |
| 16 | 1402005 Fine for Dumping Waste | 20000 | 30000 |
| 17 | 1404004 Ownership Change Fees - Fine | 26000 | 30000 |
| 18 | 1404008 Delayed Registration Fees | 7000 | 10000 |
| 19 | 1404011 Late Fee | 2000 | 3000 |
| | Total Fees and User Charges | 3506285 | 3729000 |
| | Revenue Grants, Contributions and Subsidies - 160 | | |
| 20 | 1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers | 7000000 | 10000000 |

| | | | |
|---|---|---|---|
| 21 | 1601012 Fund for Transferred Functions/ Schemes - Widow Pension | 23000000 | 30000000 |
| 22 | 1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50 | 600000 | 1000000 |
| 23 | 1601014 Fund for Transferred Functions/ Schemes - Pension for Differentially Abled | 7000000 | 10000000 |
| 24 | 1601016 Fund for Transferred Functions/ Schemes - Financial Help for Widow's Daughters Marriage | 150000 | 300000 |
| 25 | 1601018 Fund for Transferred Functions/ Schemes - Old Age Pension | 36000000 | 42000000 |
| 26 | 1601023 General Purpose Fund | 23722000 | 29166000 |
| 27 | 1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme | 0 | 50000000 |
| | Total Revenue Grants, Contributions and Subsidies | 97472000 | 172466000 |
| | Rental Income - LB Properties - 130 | | |
| 28 | 1301003 Rent from Shopping Complex | 517128 | 550000 |
| | Total Rental Income | 517128 | 550000 |
| | Total Revenue Receipt | 118595413 | 195945000 |
| | Capital Receipt - 2 | | |
| | Grants, Contribution for Specific Purposes - 320 | | |
| 29 | 3201004 Central Finance Commission Grant - Tied | 0 | 7321800 |
| 30 | 3201005 Central Finance Commission Grant - Untied | 0 | 4881200 |
| 31 | 3201020 Integrated Child Development Service | 0 | 3000000 |
| 32 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | 82500000 | 100000000 |
| 33 | 3202001 Development Fund - General | 39568447 | 38663000 |
| 34 | 3202002 Development Fund - Special Component Plan | 2615000 | 2556000 |
| 35 | 3202003 Development Fund - Tribal Sub-Plan | 16771000 | 16748000 |
| 36 | 3202009 Maintenance Fund - Road Assets | 28056140 | 24433000 |
| 37 | 3202010 Maintenance Fund - Non-Road Assets | 13094180 | 10996000 |

| | | | |
|---|---|---|---|
| 38 | 3202017 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Local Area Development Fund For Members Of Legislative Assembly | 1299935 | 1500000 |
| 39 | 3202021 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Life Mission | 34000000 | 42000000 |
| 40 | 3208010 Beneficiary Contribution | 0 | 800000 |
| 41 | 3209001 Contribution to Joint Venture Projects from District Panchayat | 10826000 | 11000000 |
| 42 | 3209002 Contribution to Joint Venture Projects from Block Panchayat | 4848516 | 11700000 |
| | Total Grants, Contribution for Specific Purposes | 233579218 | 275599000 |
| | Secured Loans - 330 | | |
| 43 | 3305004 Loan from HUDCO | 49159000 | 79000000 |
| | Total Secured Loans | 49159000 | 79000000 |
| | Total Capital Receipt | 282899835 | 354599000 |
| | Revenue Expenditure - 3 | | |
| | Establishment Expenses - 210 | | |
| 46 | 2101001 Salaries -Secretary | 2300000 | 1500000 |
| 47 | 2101003 Salaries - Permanent Staff | 22400000 | 16000000 |
| 48 | 2101004 Salaries - Contract Staff | 2000000 | 1500000 |
| 49 | 2101101 Wages | 2000000 | 1500000 |
| 50 | 2101201 Bonus | 99000 | 100000 |
| 51 | 2101401 Honourarium | 400000 | 225000 |
| 52 | 2102001 Travelling Allowances - Secretary | 50000 | 150000 |
| 53 | 2102003 Travelling Allowances - Permanent Staff | 200000 | 300000 |
| 54 | 2102004 Travelling Allowances - Temporary Staff | 50000 | 50000 |
| 55 | 2102014 Monthly Honorarium and Sitting Allowance -Councillors/ Members | 5000000 | 4000000 |
| 56 | 2102015 Uniforms | 2700 | 3500 |

| | | | |
|---|---|---|---|
| 57 | 2102017 Festival Allowance | 130940 | 100000 |
| 58 | 2102018 Spectacle Allowance | 5000 | 25000 |
| 59 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | 500000 | 800000 |
| 60 | 2102020 Telephone Allowance - Secretary | 3400 | 5000 |
| 61 | 2102021 Telephone Allowance - Mayor/ Chairperson/ President | 3400 | 5000 |
| 62 | 2104001 Terminal Leave Surrender | 0 | 1100000 |
| | Total Establishment Expenses | 35144440 | 27363500 |
| | Administrative Expenses - 220 | | |
| 63 | 2201101 Office Electricity Expenses | 250000 | 250000 |
| 64 | 2201102 Water Charges - Office | 70000 | 100000 |
| 65 | 2201104 Service Connection Charge (KSEB/ KWA) | 25000 | 60000 |
| 66 | 2201199 Other Office Maintenance Expenses | 100000 | 200000 |
| 67 | 2201201 Telephone Expenses/ Internet Charges | 300000 | 350000 |
| 68 | 2201202 Postage Expenses | 65000 | 100000 |
| 69 | 2202001 Books & Periodicals | 50000 | 70000 |
| 70 | 2202101 Printing & Stationery | 500000 | 250000 |
| 71 | 2204001 Insurance | 65000 | 60000 |
| 72 | 2205201 Professional & Other Fees | 42000 | 60000 |
| 73 | 2206001 Newspaper Advertisement Charges | 100000 | 70000 |
| 74 | 2206002 Keralolsavam Expenses | 190000 | 200000 |
| 75 | 2206101 Membership & Subscriptions | 10000 | 20000 |
| 76 | 2302001 Water Charges - Street Tap | 700000 | 1000000 |
| | Total Administrative Expenses | 2467000 | 2790000 |
| | Operation and Maintenance - 230 | | |
| 77 | 2301001 Electricity Charges for Street Lights | 1600000 | 2000000 |
| 78 | 2301002 Fuel Charges | 400000 | 500000 |
| 79 | 2301003 Electricity Charges of Other Buildings of LB | 50000 | 75000 |
| 80 | 2304001 Vehicle Hire Charges | 200000 | 200000 |
| 82 | 2305301 Repairs & Maintenance - Vehicles | 200000 | 200000 |

| | | | |
|---|---|---|---|
| 83 | 2305902 Repairs & Maintenance - Office Equipments | 0 | 300000 |
| 84 | 2308013 Sanitation Expenses | 600000 | 300000 |
| 85 | 2308201 Refreshment Charges | 550000 | 350000 |
| | Total Operation and Maintenance | 3650000 | 3925000 |
| | Interest and Finance Charges - 240 | | |
| 86 | 2408001 Other Finance Expenses | 525000 | 800000 |
| | Total Interest and Finance Charges | 525000 | 800000 |
| | Programe Expenses - 250 | | |
| 87 | 2501001 Election Expenses | 500000 | 500000 |
| 88 | 2502001 Expenditure on Poverty Eradication Program | 82500000 | 100000000 |
| 89 | 2502002 Expenses towards Disaster Management Activities | 200000 | 500000 |
| | Total Programe Expenses | 83200000 | 101000000 |
| | Expenses Related to Productive Sector - 251 | | |
| 90 | 2510101 Agriculture - Paddy | 7400000 | 0 |
| 91 | 2510104 Agriculture - Vegetables | 1333333 | 0 |
| 92 | 2510107 Agriculture - Fruits and Fruit Trees | 266666 | 0 |
| 93 | 2510112 Agriculture - Pepper | 2475740 | 0 |
| 94 | 2510201 Animal Husbandry - Cow | 1300500 | 0 |
| 95 | 2510202 Animal Husbandry - Goat | 192000 | 0 |
| 96 | 2510204 Animal Husbandry - Calf | 2400000 | 0 |
| 97 | 2510205 Animal Husbandry - Poultry | 1301000 | 0 |
| 98 | 2510209 Animal Husbandry - Infrastructure | 1340000 | 0 |
| 99 | 2510305 Dairy Development - Milk Incentives | 3000000 | 0 |
| 100 | 2510404 Inland -Pisciculture | 100000 | 0 |
| 101 | 2510804 Environment Conservation | 500000 | 0 |
| | Total Expenses Related to Productive Sector | 21609239 | 0 |
| | Expenses Related to Service Sector - 252 | | |
| 102 | 2520102 Primary Education | 1400000 | 0 |
| 103 | 2520107 Education-Related Activities | 1287500 | 0 |
| 104 | 2520111 Contribution towards SSA | 1150000 | 0 |
| 105 | 2520201 Continuing Education | 65000 | 0 |

| | | | |
|---|---|---|---|
| 106 | 2520502 Arts,Culture,Sports and Youth Welfare-Infrastructure | 1815000 | 0 |
| 107 | 2520503 Arts,Culture,Sports and Youth Welfare-Promotion | 150000 | 0 |
| 108 | 2520602 Health related Programs | 1813000 | 0 |
| 109 | 2520617 Epidemic Control | 30000 | 0 |
| 110 | 2520618 Medical Institution - Allopathy | 3384662 | 0 |
| 111 | 2520619 Medical Institution - Ayurvedic | 1275000 | 0 |
| 112 | 2520620 Medical Institution - Homoeo | 300000 | 0 |
| 113 | 2520702 Drinking Water - Public | 950000 | 0 |
| 114 | 2520801 Housing & House Electrification - Individual | 127210000 | 0 |
| 115 | 2520903 Women Welfare | 2894600 | 0 |
| 116 | 2520904 Welfare of the Aged | 900000 | 0 |
| 117 | 2520906 Welfare Programs for Physically/ Mentally Challenged | 2000000 | 0 |
| 118 | 2520908 Social Security Programme | 75000 | 0 |
| 119 | 2521001 Anganwadi Nutrition | 9681190 | 0 |
| 120 | 2521101 Anganwadi Infrastructure | 567217 | 0 |
| 121 | 2521102 Anganwadi Related Services | 30000 | 0 |
| 122 | 2521201 Vocational Capacity Building - Vocational Training | 226907 | 0 |
| 123 | 2521203 Vocational Capacity Building - Related Activities | 500000 | 0 |
| 124 | 2521402 Electricity Line - Transformer - Voltage Improvement | 150000 | 0 |
| 125 | 2521601 Local Government Service Delivery Improvement | 100000 | 0 |
| 126 | 2521602 Payments to IKM | 200000 | 0 |
| 127 | 2521701 Allied Institution Service Delivery Improvement | 610000 | 0 |
| 128 | 2521801 Contribution to Social Security Mission | 250000 | 0 |
| 129 | 2521903 Public Sanitation - Related Activities | 2007642 | 0 |
| 130 | 2521904 Toilet (Individual) | 462000 | 0 |
| 131 | 2522001 Plan Formulation, Implementation and Monitoring | 1350000 | 0 |
| 132 | 2522201 Disaster Management - Related Services | 200000 | 0 |
| 133 | 2522305 Solid Waste Management - Collection and Transportation | 2240500 | 0 |
| 134 | 2522306 Solid Waste Management - Processing - Institution | 96730 | 0 |
| 135 | 2522310 Solid Waste Management - Disposal | 500100 | 0 |

| | | | |
|---|---|---|---|
| 136 | 2522314 Solid Waste Management - Processing Individual | 1015200 | 0 |
| 137 | 2522320 Liquid Waste Management - Treatment | 450000 | 0 |
| | Total Expenses Related to Service Sector | 167337248 | 0 |
| | Expenses Related to Infrastructure Sector - 253 | | |
| 138 | 2530102 Office Electrification | 650000 | 0 |
| 139 | 2530201 Roads | 1299935 | 0 |
| 140 | 2530202 Lanes | 2440235 | 0 |
| 141 | 2530502 Hiring of vehicles for office purposes | 400000 | 0 |
| 142 | 2530701 GST Additional Allocation | 1970479 | 0 |
| | Total Expenses Related to Infrastructure Sector | 6760649 | 0 |
| | Expenses related to State Sponsored Schemes - 254 | | |
| 143 | 2540102 Grant in aid to voluntary organisations/ institutions running homes for Differentially Abled person | 7000000 | 0 |
| 144 | 2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour | 7000000 | 10000000 |
| 145 | 2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension | 23000000 | 30000000 |
| 146 | 2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50 | 600000 | 1000000 |
| 147 | 2540115 Programmes/ Expenditures of Transferred Functions/ Schemes - Pension for Differentially Abled | 0 | 10000000 |
| 148 | 2540117 Programmes/ Expenditures of Transferred Functions/ Schemes - Financial Help for Widow's Daughters Marriage | 0 | 300000 |
| 149 | 2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension | 36000000 | 42000000 |
| 150 | 2540138 Programmes/ Expenditures of Transferred Functions/ Schemes - Sthree Suraksha Scheme | 0 | 50000000 |
| | Total Expenses related to State Sponsored Schemes | 73600000 | 143300000 |
| | Total Revenue Expenditure | 394293576 | 279178500 |
| | Capital Expenditure - 4 | | |
| | Refund of Deposits - 340 | | |

| | | | |
|---|---|---|---|
| 151 | 3401001 Earnest Money Deposit | 100000 | 0 |
| | Total Refund of Deposits | 100000 | 0 |
| | Payment of Recoveries - 350 | | |
| 152 | 3501102 Net Salary Payable | 571974 | 0 |
| 153 | 3501116 Pension Contribution Payable | 71685 | 0 |
| 154 | 3501301 Employers Liabilities - Pension Contribution (NPS) | 22087 | 0 |
| 155 | 3502001 Recoveries Payable - General Provident Fund | 53090 | 0 |
| 156 | 3502002 Recoveries Payable - Kerala Panchayat Employees Provident Fund | 78912 | 0 |
| 157 | 3502006 Recoveries Payable - Insurance Premium | 9677 | 0 |
| 158 | 3502008 Recoveries Payable - Co-operative Recovery | 7200 | 0 |
| 159 | 3502009 Recoveries Payable - KSFE Recovery | 6500 | 0 |
| 160 | 3502012 Recoveries Payable - State Life Insurance | 12986 | 0 |
| 161 | 3502014 Recoveries Payable - Group Insurance | 11600 | 0 |
| 162 | 3502020 Recoveries Payable - Employee Share NPS | 22087 | 0 |
| 163 | 3502022 Recoveries Payable -Medisep -Regular | 7500 | 0 |
| 164 | 3502025 Recoveries Payable - Income Tax Deducted at Source | 222190 | 0 |
| 165 | 3502026 Recoveries Payable - Kerala Construction Workers Welfare Fund | 50000 | 0 |
| 166 | 3502030 Recoveries Payable - House Building Advance | 10410 | 0 |
| 167 | 3503005 Government and Other Dues Payable-TDS - CGST | 53391 | 0 |
| 168 | 3503006 Government and Other Dues Payable-TDS - SGST | 53391 | 0 |
| 169 | 3503008 Government and Other Dues Payable - CGST | 78538 | 0 |
| 170 | 3503009 Government and Other Dues Payable - SGST | 78538 | 0 |
| 171 | 3503018 Cess on KCWWF Payable | 25878 | 0 |
| 172 | 3504099 Refund Payable - Others | 725000 | 0 |
| 173 | 3508001 Liability in respect of Stale Cheque | 26990 | 0 |
| | Total Payment of Recoveries | 2199624 | 0 |
| | Fixed Assets - 410 | | |
| 174 | 4101001 Land | 1275000 | 0 |
| 175 | 4101008 Public well | 5177786 | 0 |

| | | | |
|---|---|---|---|
| 176 | 4102002 Administrative Buildings | 471155 | 0 |
| 177 | 4102005 Hospital Buildings | 194806 | 0 |
| 178 | 4102008 School Buildings | 500000 | 0 |
| 179 | 4102011 Public Comfort Stations | 1254227 | 0 |
| 180 | 4102016 Other Buildings | 3520705 | 0 |
| 181 | 4102017 Compound Wall | 2628041 | 0 |
| 182 | 4103001 Concrete Roads | 6165765 | 0 |
| 183 | 4103002 Black Topped Roads | 23719235 | 0 |
| 184 | 4103004 Footpath | 5900000 | 0 |
| 185 | 4103012 Side Walls | 900000 | 0 |
| 186 | 4103099 Other Constructions | 551847 | 0 |
| 187 | 4103102 Drainage | 836905 | 0 |
| 188 | 4103302 Street Light | 3450000 | 0 |
| 189 | 4104001 Plant & Machinery | 5905376 | 0 |
| 190 | 4106002 Computers, Printers & Peripherals | 2454018 | 0 |
| 191 | 4107001 Furniture, Fixtures, Fittings & Electrical Appliances | 1405242 | 0 |
| 192 | 4108001 Other Fixed Assets | 1286636 | 0 |
| | Total Fixed Assets | 67596744 | 0 |
| | Stock in Hand - 430 | | |
| 193 | 4301002 Purchase of Material - Stores | 250000 | 0 |
| | Total Stock in Hand | 250000 | 0 |
| | Loans, Advances and Deposits - 460 | | |
| 194 | 4601001 Festival Advance to Employees | 164000 | 250000 |
| 195 | 4605005 Advance to Mahatma Gandhi NREGS/ AUEGS | 4000000 | 0 |
| 196 | 4605099 Advance to Others | 52000 | 0 |
| 197 | 4606003 Water Deposits | 171155 | 0 |



**വി.പി യൂസഫ്**
പ്രസിഡന്റ്



**രോഷ്മ രമേഷ്**
വൈസ് പ്രസിഡണ്ട്



**കെ എം ഫൈസൽ**
ചെയർമാൻ,
വികസനകാര്യ സ്റ്റാന്റിംഗ്
കമ്മിറ്റി



**മറിയം അബ്ദുറഹിമാൻ**
ചെയർപേഴ്സൺ,
ക്ഷേമകാര്യ സ്റ്റാന്റിംഗ്
കമ്മിറ്റി



**സുരേഷ് ബാബു സി**
ചെയർമാൻ,
ആരോഗ്യ-വിദ്യാഭ്യാസ
സ്റ്റാന്റിംഗ് കമ്മിറ്റി